No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം (കീം–2020) ഓൺലൈൻ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്

2020–21 വർഷത്തെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും 2020 ആഗസ്റ്റ് 7–ാം തീയതി വൈകിട്ട് 5.00 മണി വരെ സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. അപേക്ഷയിലെ സാമുദായിക സംവരണം/കാറ്റഗറി/ഫീസ് ആനുകൂല്യം ഉൾപ്പെടെയുള്ള ന്യൂനതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികൾക്ക് അവ പരിഹരിക്കുന്നതിന് ഇനി അവസരം ലഭിക്കുന്നതല്ല.

എന്നാൽ അപേക്ഷ സമർപ്പിച്ച എസ്.സി/എസ്.ടി വിഭാഗം വിദ്യാർത്ഥികളുടെ കിർത്താഡ്സ് മുഖേനയുള്ള പരിശോധനാ നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ അത്തരം വിദ്യാർത്ഥികൾക്ക് സമർപ്പിച്ച ജാതി സർട്ടിഫിക്കറ്റിൽ ന്യൂനത ഉള്ള പക്ഷം അവ പരിഹരിക്കുന്നതിന് **2020 ആഗസ്റ്റ് 27–ാം തീയതി വൈകിട്ട് 3.00 മണി വരെ** സമയം അനുവദിക്കുന്നതാണ്. മേൽ പറഞ്ഞ തീയതിക്കുള്ളിൽ പ്രസ്തുത ന്യൂനതകൾ പരിഹരിക്കാത്തഎസ്.സി/എസ്.ടി വിഭാഗം വിദ്യാർത്ഥികളെ ജാതി സംവരണം അനുവദിക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതാണ്. തുടർന്ന് ഈ വിദ്യാർത്ഥികൾ ജനറൽ വിഭാഗത്തിലേയ്ക്ക് മാറ്റപ്പെടുകയും അവർ അപേക്ഷാ ഫീസ് (ജനറൽ വിഭാഗത്തിന് ബാധകമായ അപേക്ഷാ ഫീസ്) അടയ്ക്കേണ്ടതായും വരും. അപേക്ഷയിലെ ഫോട്ടോ. ഒപ്പ്, നേറ്റിവിറ്റി, അധിക ഫീസ് എന്നീ ന്യൂനതകൾ ഉള്ള എല്ലാ വിദ്യാർത്ഥികൾക്കും അവ പരിഹരിക്കുന്നതിന് 2020 ആഗസ്റ്റ് 27–ാം തീയതി വൈകിട്ട് 3.00 മണി വരെ ഒരവസരം കൂടി അനുവദിക്കുന്നതാണ്. ഏതെങ്കിലും ന്യൂനതകൾ പരിഹരിക്കുന്നതിനായുള്ള സർട്ടിഫിക്കറ്റുകളോ, അനുബന്ധരേഖകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയക്കേണ്ടതില്ല. സമയബന്ധിതമായി പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതിനാൽ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള സമയം ഇനി ദീർഘിപ്പിച്ച് നൽകുന്നതല്ല.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300**

തിരുവനന്തപുരം
18.08.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**